# എൻഡോസൾഫാൻ തിരിച്ചുവരുന്നു

കോഴിക്കോട്: വായുവിൽ വിഷം പടർത്തി മനുഷ്യജീവനെ അപകടപ്പെടുത്തുന്ന എൻഡോസൾഫാൻ കേരളത്തിൽ തിരിച്ചുവരുന്നു. കഴിഞ്ഞ ആഗസ്റ്റ് മുതൽ നിലവിലുണ്ടായിരുന്ന നിരോധനം ഈയിടെ കേരള സർക്കാർ പിൻവലിച്ചതോടെയാണ് എൻഡോസൾഫാൻ ഭീഷണി വീണ്ടും ഉയരുന്നത്. അച്ച്യുതൻ കമ്മിറ്റിയുടെ ശുപാർശകളും കേരള കാർഷിക സർവകലാശാലയുടെ റിപ്പോർട്ടുകളും ആധാരമാക്കിയാണ് നിരോധനം പിൻവലിക്കുന്നത്.

കാസർകോട്ടെ വിവിധ പ്രദേശങ്ങളിലെ മനുഷ്യജീവിതത്തിന് എൻഡോസൾഫാൻ ശക്തമായ ഭീഷണി ഉയർത്തുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇവിടത്തെ മനുഷ്യരിൽ ജനിതക തകരാറുകൾ സൃഷ്ടിക്കുന്നതിന് എൻഡോസൾഫാൻ കാരണമാകുന്നു എന്നതാണ് വസ്തുത. സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് തയ്യാറാക്കിയ പഠനറിപ്പോർട്ടുകളിൽ ഇത് വ്യക്തമാക്കിയിരുന്നു.